കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ
തിരുവനന്തപുരം –695033

നമ്പർ:B1/60/2021–സം.തി.ക തീയതി: 22/02/2022

**<u>സർക്കുലർ</u>**

വിഷയം: സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ – മുനിസിപ്പാലിറ്റികളിലെ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളുടെയും ചെയർമാൻമാരുടെയും ആകസ്മിക ഒഴിവുകൾ നികത്തുന്നത്– സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.
–

സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളുടെയും ചെയർമാൻമാരുടെയും തിരഞ്ഞെടുപ്പ് നടത്തുന്നതിനുവേണ്ടി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ വരണാധികാരികളായി ഓഫീസർമാരെ സ്ഥാനനിർദേശം ചെയ്തുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട് . നിലവിലുള്ള സ്റ്റാന്റിംഗ് കമ്മിറ്റി അംഗത്തിന്റേയോ ചെയർമാന്റെയോ രാജിമൂലമോ ചെയർമാനെതിരെയുള്ള അവിശ്വാസ പ്രമേയം പാസ്സായതു കാരണമോ സ്റ്റാന്റിംഗ് കമ്മിറ്റി അംഗമോ ചെയർമാനോ ആയ കൗൺസിലറുടെ രാജി ,അയോഗ്യത , മരണം എന്നിവ കാരണമോ ആണ് സ്റ്റാന്റിംഗ് കമ്മിറ്റി അംഗത്തിന്റെയും ചെയർമാന്റെയും ആകസ്മിക ഒഴിവുകൾ ഉണ്ടാകുന്നത്. മേൽ പ്രകാരമുണ്ടാകുന്ന ഓരോ ഒഴിവിലേയ്ക്കും കമ്മീഷൻ മുൻപ് നല്കിയിരുന്നത് പോലെയുള്ള പ്രത്യേക തിരഞ്ഞെടുപ്പ് നിർദേശത്തിന് കാത്തു നിൽക്കാതെ 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെയും, 2000 ലെ കേരള മുനിസിപ്പാലിറ്റി (സ്റ്റാന്റിംഗ് കമ്മിറ്റി ) ചട്ടങ്ങളിലെയും വ്യവസ്ഥകൾക്കും കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള മാർഗനിർദ്ദേശങ്ങൾക്കും വിധേയമായി താഴെപ്പറയുന്ന പ്രകാരം തിരഞ്ഞെടുപ്പ് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് വരണാധികാരികളെയും സെക്രട്ടറിമാരെയും ചുമതലപ്പെടുത്തി നിർദ്ദേശം നൽകുന്നു.

**1. സ്റ്റാന്റിംഗ് കമ്മിറ്റി അംഗത്തിന്റേയോ ചെയർമാന്റേയോ രാജി കാരണം ഉണ്ടായ ഒഴിവ്**

(i) ഒരു സ്റ്റാന്റിംഗ് കമ്മിറ്റിയിലെ എക്സ് ഒഫീഷ്യോ അംഗമല്ലാത്ത ഒരംഗത്തിനോ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒഴികെയുള്ള ഒരു സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചെയർമാനോ നിർദ്ദിഷ്ട ഫോമിൽ 2000 ലെ കേരള മുനിസിപ്പാലിറ്റി ( സ്റ്റാന്റിംഗ് കമ്മിറ്റി ) ചട്ടങ്ങളിലെ ചട്ടം 14(2), 14(3) എന്നിവയിൽ അനുശാസിക്കുന്ന പ്രകാരം ബന്ധപ്പെട്ട സെക്രട്ടറിക്ക് രാജിക്കത്തു നൽകിക്കൊണ്ട് രാജി വയ്ക്കാവുന്നതും , രാജിക്കത്ത് സെക്രട്ടറിക്ക് ലഭിക്കുന്ന തീയതി മുതൽ രാജി പ്രാബല്യത്തിൽ വരുന്നതും സെക്രട്ടറി അക്കാര്യം ഉടൻതന്നെ ബന്ധപ്പെട്ട ചെയർപേഴ്സണെയും കൗൺസിലിനെയും, സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനെയും, വരണാധികാരിയെയും അറിയിക്കേണ്ടതുമാണ്.

(ii) കൂടാതെ, സ്റ്റാന്റിംഗ് കമ്മിറ്റിയിലെ ഒഴിവിനെ സംബന്ധിക്കുന്ന പൂർണ്ണമായ വിവരങ്ങൾ സെക്രട്ടറി നിശ്ചിത പ്രൊഫോർമയിൽ വരണാധികാരിക്കും കമ്മീഷനും ലഭ്യമാക്കേണ്ടതാണ്.

(iii) ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒഴികെയുള്ള മറ്റേതെങ്കിലും <u>സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചെയർമാനാണ് രാജിവച്ചതെങ്കിൽ ,</u> പ്രസ്തുത ഒഴിവുണ്ടായി കഴിയുന്നതും വേഗവും എന്നാൽ 15 ദിവസം കഴിയുന്നതിനു മുൻപും, വരണാധികാരി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയിലെ അംഗങ്ങൾക്ക് 4 ആം ചട്ടപ്രകാരം 2 ദിവസത്തെ മുൻകൂർ നോട്ടീസ് നൽകി , അവരുടെ യോഗം വിളിച്ചുചേർത്തു സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനെ തിരഞ്ഞെടുക്കേണ്ടതാണ്.ഇപ്രകാരം സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങൾക്ക് നൽകുന്ന നോട്ടീസിൻറെ പകർപ്പ് കമ്മീഷന് അയക്കേണ്ടതാണ്

(iv) <u>സ്റ്റാന്റിംഗ് കമ്മിറ്റി അംഗമാണ് രാജിവച്ചതെങ്കിൽ</u> ആ ഒഴിവുണ്ടായി 30 ദിവസം കഴിയുന്നതിനുമുന്പ്, വരണാധികാരി മുനിസിപ്പാലിറ്റിയിലെ എല്ലാ തിരഞ്ഞെടുക്കപ്പെട്ട കൗണ്സിലര്മാർക്കും 4 ആം ചട്ടപ്രകാരമുള്ള 5 ദിവസത്തെ മുൻകൂർ നോട്ടീസ് നൽകി, അവരുടെ യോഗം വിളിച്ചുചേർത്തു സ്റ്റാന്റിംഗ് കമ്മിറ്റിയിലെ അംഗത്തിൻറെ ഒഴിവ് /ഒഴിവുകൾ നികത്തുന്നതിന് തിരഞ്ഞെടുപ്പ് നടത്തേണ്ടതാണ്. ഇപ്രകാരം കൗണ്സിലര്മാർക്ക് നൽകുന്ന നോട്ടീസിൻറെ പകർപ്പ് കമ്മീഷന് ലഭ്യമാക്കേണ്ടതാണ്.

(v)എന്നാൽ <u>സ്റ്റാന്റിംഗ് കമ്മിറ്റി അംഗത്തിൻറെ രാജിമൂലം</u> <u>സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്റെ സ്ഥാനത്തും ഒഴിവുണ്ടായാൽ</u> ആദ്യം സ്റ്റാന്റിംഗ് കമ്മിറ്റി അംഗത്തിന്റെ സ്ഥാനം നികത്തേണ്ടതും അതിനുശേഷം കഴിയുന്നതും വേഗവും എന്നാൽ 15 ദിവസത്തിനുള്ളിലും നിയമപ്രകാരമുള്ള നോട്ടീസ് നൽകി സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻറെ തിരഞ്ഞെടുപ്പ് നടത്തേണ്ടതാണ്

(vi) തിരഞ്ഞെടുപ്പ് ദിവസം ആകസ്മിക അവധിയായി പ്രഖ്യാപിക്കുകയാണെങ്കിൽ പ്രസ്തുത തെരഞ്ഞെടുപ്പ് തൊട്ടടുത്ത പ്രവർത്തി ദിവസം അതേ സ്ഥലത്തും സമയത്തും നടത്തുന്നതാണ്എന്നുകൂടി നോട്ടീസിൽ രേഖപ്പെടുത്തിയിരിക്കേണ്ടതാണ്.

(vii) തിരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള തീയതി വരണാധികാരി സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനെ മുൻകൂട്ടി അറിയിക്കേണ്ടതാണ്.

(viii) ഒരു സ്റ്റാന്റിംഗ് കമ്മിറ്റിയിൽ സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടുള്ള സ്ഥാനത്ത് ഒഴിവുണ്ടായാൽ സ്ത്രീ അംഗങ്ങളെ മാത്രമേ പ്രസ്തുത ഒഴിവിലേക്ക് പരിഗണിക്കാവൂ . മാത്രവുമല്ല പ്രസ്തുത സ്ഥാനത്തേക്കുള്ള ഒഴിവു നികത്തിയതിനു ശേഷമേ മറ്റു സ്ഥാനങ്ങളിലേതെങ്കിലും ഒഴിവുണ്ടെങ്കിൽ അത് നികത്താവൂ .

(ix) സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടുള്ള സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സ്ഥാനത്തേക്ക് സ്റ്റാന്റിംഗ് കമ്മിറ്റിയിലെ സ്ത്രീ അംഗങ്ങളെ മാത്രമേ പരിഗണിക്കാവൂ

(x) ഒരു സ്റ്റാന്റിംഗ് കമ്മിറ്റി അംഗം ആയ കൗൺസിലർ, കൗൺസിലർ സ്ഥാനം രാജിവക്കുകയാണെങ്കിൽ സ്റ്റാന്റിംഗ് കമ്മിറ്റിയിലെ അംഗത്തിന്റെ ഒഴിവ് ഈ സർക്കുലറിലെ ഖണ്ഡിക 3- ൽ നൽകിയിട്ടുള്ള മാർഗനിർദ്ദേശങ്ങൾ പ്രകാരം

നികത്തേണ്ടതാണ്

**2. സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനെതിരെ അവിശ്വാസ പ്രമേയം പാസ്സായതിനെ തുടർന്ന് ഉണ്ടായ ഒഴിവ്**

(i) 2000 ലെ കേരള മുനിസിപ്പാലിറ്റി ( സ്റ്റാന്റിംഗ് കമ്മിറ്റി ) ചട്ടങ്ങളിലെ ചട്ടം 15 (11) പ്രകാരം ഒരു സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനെതിരെ അവിശ്വാസ പ്രമേയം പാസാവുകയാണെങ്കിൽ അതിനുശേഷം സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്റെ ഉദ്യോഗം അവസാനിക്കുന്നതും അദ്ദേഹം ഉടൻതന്നെ സ്ഥാനം ഒഴിഞ്ഞതായി കരുതേണ്ടതും 15 (1 ) ചട്ടപ്രകാരം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ അക്കാര്യം സർക്കാരിനെയും, ചെയർപേഴ്സണെയും ,സെക്രട്ടറിയേയും രേഖാമൂലം അറിയിക്കേണ്ടതുമാണ്.
(ii)കൂടാതെ, സെക്രട്ടറി ഉടൻതന്നെ സ്റ്റാന്റിംഗ് കമ്മിറ്റിയിലെ ഒഴിവിനെ സംബന്ധിക്കുന്ന പൂർണ്ണമായ വിവരങ്ങൾ നിശ്ചിത പ്രൊഫോർമയിൽ വരണാധികാരിക്കും കമ്മീഷനും ലഭ്യമാക്കേണ്ടതാണ്.

(iii)നോട്ടീസ് നൽകുന്ന കാര്യത്തിലും യോഗം വിളിച്ച് ചേർക്കുന്ന കാര്യത്തിലും സംവരണ സ്ഥാനം നികത്തുന്ന കാര്യത്തിലും 1 ആം ഖണ്ഡിക (iii),(vi) (vii) (ix) ഇനങ്ങൾ ബാധകമായിരിക്കുന്നതാണ്.

**3. സ്റ്റാന്റിംഗ് കമ്മിറ്റി അംഗമായ കൗൺസിലറുടെ രാജി ,അയോഗ്യത , മരണം എന്നിവമൂലം സ്റ്റാന്റിംഗ് കമ്മിറ്റി അംഗത്തിന്റെ സ്ഥാനത്തുണ്ടാകുന്ന ആകസ്മിക ഒഴിവ്**

(i) ഏതെങ്കിലും കൗൺസിലർ മരണപ്പെടുകയോ, അയോഗ്യനാക്കപ്പെടുകയോ രാജിവയ്ക്കുകയോ ചെയ്യുകയാണെങ്കിൽ, കൗൺസിലർ സ്ഥാനത്തിലുണ്ടാകുന്ന പ്രസ്തുത ഒഴിവ് ആ ഒഴിവ് ഉണ്ടായി ഒരാഴ്ച്ചയ്ക്കകം ബന്ധപ്പെട്ട തദ്ദേശ സ്ഥാപനത്തിലെ സെക്രട്ടറി സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനെ രേഖാമൂലം അറിയിക്കേണ്ടതാണെന്ന് തിരഞ്ഞെടുപ്പ് നടത്തിപ്പ് ചട്ടങ്ങൾ 4 ആം ചട്ടത്തിൽ വ്യവസ്ഥ ചെയ്യുന്നു.

(iii) കൗൺസിലറുടെ അത്തരത്തിലുണ്ടാകുന്ന ആകസ്മിക ഒഴിവ് ആ ഒഴിവുണ്ടായതിനുശേഷം 6 മാസത്തിനകം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഉപതിരഞ്ഞെടുപ്പ് മുഖേന നികത്തുന്നതാണ്.
(iv) അപ്രകാരം കൗൺസിലർ സ്ഥാനത്തിലുണ്ടാകുന്ന ഒഴിവ് നികത്തിയതിന് ശേഷം 30 ദിവസത്തിനുള്ളിൽ കൗൺസിലറുടെ ഒഴിവുമൂലം സ്റ്റാന്റിംഗ് കമ്മിറ്റി അംഗത്തിന്റെ സ്ഥാനത്തുണ്ടായ ഒഴിവ് വരണാധികാരി നികത്തേണ്ടതാണ് .
(v) ഇതിനായി കൗൺസിലറുടെ ഒഴിവ് ഉപതിരഞ്ഞെടുപ്പിലൂടെ നികത്തപ്പെട്ടാലുടൻ തന്നെ സെക്രട്ടറി ബന്ധപ്പെട്ട വരണാധികാരിയെ രേഖാമൂലം വിവരം അറിയിക്കേണ്ടതാണ്.സ്റ്റാന്റിംഗ് കമ്മിറ്റിയിലെ ഒഴിവിനെ സംബന്ധിക്കുന്ന പൂർണ്ണമായ വിവരങ്ങൾ നിശ്ചിത പ്രൊഫോർമയിൽ വരണാധികാരിക്ക്

ലഭ്യമാക്കേണ്ടതാണ്.

(vi) സെക്രട്ടറിയുടെ റിപ്പോർട്ട് കിട്ടിയാലുടൻ തന്നെ വരണാധികാരി തിരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള തീയതി നിശ്ചയിച്ച് സ്റ്റാന്റിംഗ് കമ്മിറ്റി അംഗത്തിനെ തിരഞ്ഞെടുക്കുന്നതിനുള്ള യോഗം വിളിച്ച് കൂട്ടുന്നതിനുള്ള നോട്ടീസ് മുനിസിപ്പാലിറ്റിയിലെ എല്ലാ തിരഞ്ഞെടുക്കപ്പെട്ട കൗൺസിലർമാർക്കും 2000 ലെ കേരള മുനിസിപ്പാലിറ്റി ( സ്റ്റാന്റിംഗ് കമ്മിറ്റി ) ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം നൽകേണ്ടതും ആയതിന്റെ പകർപ്പ് കമ്മീഷന് അയക്കേണ്ടതുമാണ്.

(vii) തിരഞ്ഞെടുപ്പ് ദിവസം ആകസ്മിക അവധിയായി പ്രഖ്യാപിക്കുകയാണെങ്കിൽ പ്രസ്തുത തിരഞ്ഞെടുപ്പ് തൊട്ടടുത്ത പ്രവർത്തി ദിവസം അതേ സ്ഥലത്തും സമയത്തും നടത്തുന്നതാണ് എന്നുകൂടി നോട്ടീസിൽ രേഖപ്പെടുത്തിയിരിക്കേണ്ടതാണ്.

(viii) തിരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള തീയതി വരണാധികാരി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനെ മുൻകൂട്ടി അറിയിക്കേണ്ടതാണ്.

(ix) ഒരു സ്റ്റാന്റിംഗ് കമ്മിറ്റിയിൽ സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടുള്ള സ്ഥാനത്ത് ഒഴിവുണ്ടായാൽ സ്ത്രീ അംഗങ്ങളെ മാത്രമേ പ്രസ്തുത ഒഴിവിലേക്ക് പരിഗണിക്കാവൂ .മാത്രവുമല്ല പ്രസ്തുത സ്ഥാനത്തേക്കുള്ള ഒഴിവ് നികത്തിയതിനു ശേഷമേ സംവരണം ചെയ്യാത്ത സ്ഥാനങ്ങളിലേതെങ്കിലും ഒഴിവുണ്ടെങ്കിൽ അത് നികത്താവൂ .

(x) എന്നാൽ <u>കൗൺസിലറുടെ സ്ഥാനത്തെ ഒഴിവ് ഉപതിരഞ്ഞെടുപ്പിലൂടെ നികത്തിയതിനുശേഷം സ്റ്റാന്റിംഗ് കമ്മിറ്റിയിലെ അംഗത്തിൻറെ ഒഴിവ് നികത്തിയാൽ മതിയെന്ന മേൽ പറഞ്ഞ (iv)-ലെ വ്യവസ്ഥ പ്രസ്തുത സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചെയർമാനെ തിരഞ്ഞെടുക്കുന്നതിന് ബാധകമല്ലാത്തതും</u> സ്റ്റാന്റിംഗ് കമ്മിറ്റി ചെയര്മാൻ തിരഞ്ഞെടുപ്പ് പ്രസ്തുത ആകസ്മിക ഒഴിവുണ്ടായി കഴിവതും വേഗവും 15 ദിവസം കഴിയുന്നതിനു മുൻപും നടത്തേണ്ടതുമാണ്

((xi) സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടുള്ള സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സ്ഥാനത്തേക്ക് സ്ത്രീ അംഗങ്ങളെ മാത്രമേ പരിഗണിക്കാവൂ.

തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എന്തെങ്കിലും ക്രമസമാധാന പ്രശ്നങ്ങൾ ഉണ്ടാകാൻ സാധ്യതയുണ്ടെങ്കിൽ വരണാധികാരി അക്കാര്യം ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ കൂടിയായ ജില്ലാ കളക്ടറെ അറിയിക്കേണ്ടതും ആവശ്യമായ മുൻ കരുതലുകൾ എടുക്കേണ്ടതുമാണ്.നിശ്ചിത സമയപരിധിക്കുള്ളിൽ തെരഞ്ഞെടുപ്പ് നടത്തി വിവരം കമ്മീഷനെ അറിയിക്കുന്നതിനുള്ള ഉത്തരവാദിത്വം ബന്ധപ്പെട്ട വരണാധികാരിക്ക് ആയിരിക്കും. വരണാധികാരി തിരഞ്ഞെടുപ്പ് ഫലം തിരഞ്ഞെടുപ്പ് ദിവസം തന്നെ കമ്മീഷനെ അറിയിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

Signature Not Verified

Digitally signed by A SANTHOSH
Date: 2022.02.22 17:11:17 IST
Reason: Approved

എ. സന്തോഷ്
സെക്രട്ടറി

എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും,

എല്ലാ വരണാധികാരികൾക്കും/ഉപവരണാധികാരികൾക്കും
എല്ലാ ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർമാർക്കും,
എല്ലാ റീജിയണൽ ജോയിന്റ് ഡയറക്ടർമാർക്കും,
എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്കും

പകർപ്പ്:-

എല്ലാ നോഡൽ ഓഫീസർമാക്കും, സെക്ഷനുകൾക്കും
സ്റ്റാന്റിംഗ് കൗൺസിൽ,
കമ്മീഷണറുടെ പി.എസ്/സെക്രട്ടറിയുടെ സി.എ
ഓഫീസ് കോപ്പി/ സ്റ്റോക്ക് ഫയൽ